**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1754** **15-03-2022 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ സെക്യൂരിറ്റി മിഷനിലൂടെ നടപ്പാക്കുന്ന ചികിത്സാ ധനസഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷനിലൂടെ നടപ്പാക്കുന്ന ചികിത്സാ ധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകർക്ക് യഥാസമയം ധനസഹായം ലഭിക്കാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന ക്യാൻസർ സുരക്ഷ, താലോലം പദ്ധതികൾക്ക് നേരിട്ട് അപേക്ഷ സ്വീകരിക്കുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന സൗജന്യ ചികിത്സ നല്കി വരുന്നു. ഇതിലേക്കാവശ്യമായി വരുന്ന തുക തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾക്ക് കെ.എസ്.എസ്.എം അഡ്വാൻസായി നൽകി വരുന്നു. ചികിൽസക്ക് ആവശ്യമുള്ള കുട്ടികൾ ബന്ധപ്പെട്ട ആശുപത്രിയിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ചികിത്സ ലഭിക്കുന്നതാണ്. സമാശ്വാസം പദ്ധിക്ക് 2021 മെയ് മാസം മുതൽ 2022 ജനുവരി വരെ 696 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സമാശ്വാസം പദ്ധതിക്ക് ഓരോ വർഷത്തേയും പദ്ധതി വിഹിതത്തിനുള്ളിൽ നിന്നു മാത്രമേ ധനസഹായം അനുവദിക്കാവൂ എന്ന നിബന്ധന ഉള്ളതിനാൽ അതാത് വർഷങ്ങളിൽ അനുവദിക്കുന്ന ഫണ്ട് മതിയാകാതെ വരുന്നതിനാൽ എല്ലാ അപേക്ഷകർക്കും ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. വി കെയർ പദ്ധതിക്ക് 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ ചികിത്സാ ധനസഹായത്തിനുള്ള 1110 അപേക്ഷകളിൽ 348 അപേക്ഷകർക്ക് ചികിത്സ ധനസഹായം അനുവദിച്ചിട്ടുണ്ട്. മറ്റുള്ള അപേക്ഷകൾ വി കെയറിന്റെ വിവിധ കമ്മറ്റികളിൽ പരിഗണിച്ച്, കമ്മറ്റിയുടെ തീരുമാനപ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) | 2021 മേയ് മാസം മുതൽ 2022 ജനുവരി വരെ ചികിത്സ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര അപേക്ഷയിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന ക്യാൻസർ സുരക്ഷ, താലോലം പദ്ധതികൾക്ക് നേരിട്ട് അപേക്ഷ സ്വീകരിക്കുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന സൗജന്യ ചികിത്സ നല്കി വരുന്നു. ഇതിലേക്കാവശ്യമായി വരുന്ന തുക തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾക്ക് |

| | | | |
|---|---|---|---|
| | | | കെ.എസ്.എസ്.എം അഡ്വാൻസായി നൽകി വരുന്നു. ചികിൽസക്ക് ആവശ്യമുള്ള കുട്ടികൾ ബന്ധപ്പെട്ട ആശുപത്രിയിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ചികിത്സ ലഭിക്കുന്നതാണ്. സമാശ്വാസം പദ്ധിക്ക് 2021 മെയ് മാസം മുതൽ 2022 ജനുവരി വരെ 696 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സമാശ്വാസം പദ്ധതിക്ക് ഓരോ വർഷത്തേയും പദ്ധതി വിഹിതത്തിനുള്ളിൽ നിന്നു മാത്രമേ ധനസഹായം അനുവദിക്കാവൂ എന്ന നിബന്ധന ഉള്ളതിനാൽ അതാത് വർഷങ്ങളിൽ അനുവദിക്കുന്ന ഫണ്ട് മതിയാകാതെ വരുന്നതിനാൽ എല്ലാ അപേക്ഷകർക്കും ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. വി കെയർ പദ്ധതിക്ക് 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ ചികിത്സാ ധനസഹായത്തിനുള്ള 1110 അപേക്ഷകളിൽ 348 അപേക്ഷകർക്ക് ചികിത്സ ധനസഹായം അനുവദിച്ചിട്ടുണ്ട്. മറ്റുള്ള അപേക്ഷകൾ വി കെയറിന്റെ വിവിധ കമ്മറ്റികളിൽ പരിഗണിച്ച്, കമ്മറ്റിയുടെ തീരുമാനപ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (സി) | ഈ പദ്ധതിയിലൂടെ ചികിത്സ ധനസഹായത്തിന് എപ്രകാരമാണ് അപേക്ഷ നൽകേണ്ടത്;എന്തൊക്കെ രേഖകൾ സമർപ്പിക്കണം; ഏതൊക്കെ അത്യാഹിതങ്ങൾക്കാണ് തുക അനുവദിക്കുന്നത്; പരമാവധി അനുവദിക്കുന്ന തുക എത്ര; ഇവ സംബന്ധിച്ച വിശദമായ വിവരങ്ങൾ നൽകുമോ? | (സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന ക്യാൻസർ സുരക്ഷ , താലോലം പദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല. താലോലം പദ്ധതി പ്രകാരം ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ , ഹൃദയ വൈകല്യങ്ങൾ , സെറിബ്രൽ പാൾസി , ഹീമോഫീലിയ , താലസീമിയ, സിക്കിൾ സെൽ അനീമിയ , അസ്ഥി വൈകല്യങ്ങൾ , ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്.

സമാശ്വാസം പദ്ധതിക്ക് മിഷന്റെ വെബ് സൈറ്റിൽ അപേക്ഷ ഫാറങ്ങൾ ലഭ്യമാണ്. കൂടാതെ അതാത് സ്ഥലത്തെ ശിശുവികസന പദ്ധതി ആഫീസറിൽ നിന്നും അപേക്ഷ ലഭ്യമാണ്. പ്രസ്തുത അപേക്ഷകൾ പൂരിപ്പിച്ച് റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ആധാർ, ആധാർ സീഡ് ചെയ്ത ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം സി.ഡി.പി.ഒ യുടെ അന്വേഷണ റിപ്പോർട്ടോടു കൂടി അപേക്ഷ സാമൂഹ്യ സുരക്ഷ മിഷനിൽ ലഭ്യമാകുന്ന മുറയ്ക്ക് അർഹത മാനദണ്ഡപ്രകാരം ധനസഹായം അനുവദിക്കുന്നു. വൃക്ക രോഗം ബാധിച്ച് ഡയാലിസിസ് ചെയ്യുന്നവർക്ക് പ്രതിമാസം 1100/രൂപയും, വൃക്ക/കരൾ മാറ്റിവയ്ക്കലിന് വിധേയരാകുന്നവർക്ക് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പൂർത്തിയാകുന്ന തിയതി മുതൽ 5 വർഷം വരെ പ്രതിമാസം 1000/രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. ഹീമോഫീലിയ രോഗബാധിതരായവർക്ക് പ്രതിമാസം 1000/രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.കൂടാതെ സിക്കിൾസെൽ അനീമിയ രോഗബാധിതർക്ക് പ്രതിമാസം 2000/-രൂപ നിരക്കിലും ചികിത്സ ധനസഹായം അനുവദിക്കുന്നു.

വി കെയർ പദ്ധതിയിൽ നിലവിൽ പ്രത്യേക അപേക്ഷഫാറം ഇല്ല . നിലവിൽ അപേക്ഷിക്കുന്നതിന് വ്യക്തിയുടെ മുഴുവൻ മേൽവിലാസവും ഫോൺ നമ്പരും, ഉൾപ്പെടുത്തി വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ചികിൽസ രേഖകളും , ചികിത്സ ചെലവ് സംബന്ധിച്ച രേഖകൾ, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ് എന്നിവയാണ് സമർപ്പിക്കേണ്ടത്. സർക്കാർ ആശുപത്രിയിൽ ലഭ്യമല്ലാത്ത ചികിത്സകൾ സ്വകാര്യ ആശുപത്രിയിൽ ചെയ്യുന്നതിന് സർക്കാർ ഡോക്ടറുടെ റഫറൽ കത്ത് അപേക്ഷയോടൊപ്പം നൽകേണ്ടതാണ് . ഇപ്രകാരം

തയ്യാറാക്കിയ അപേക്ഷകൾ തപാൽ മുഖേനയോ ,ഇ-മെയിൽ മുഖേനയോ (wecarekssm@gmail.com, socialsecuritymission@gmail.com) അപേക്ഷിക്കാവുന്നതാണ്. ലഭിക്കുന്ന അപേക്ഷകളിൻമേൽ കെ .എസ്.എസ്.എം കോർഡിനേറ്റർമാർ മുഖേന അപേക്ഷകരുടെ സാമൂഹിക, സാമ്പത്തിക പശ്ചാത്തലം അന്വേഷിക്കുകയും ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2 ലക്ഷം രൂപയ്ക്ക് താഴെയുള്ള ചികിത്സ ചെലവുകൾ വി കെയറിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി (1 ലക്ഷം രൂപ വരെ) ഗവേണിംഗ് ബോഡി (1 ലക്ഷം രൂപയ്ക്ക് മുകളിൽ) എന്നിവ നേരിട്ട് പരിഗണിക്കുകയും 2 ലക്ഷം രൂപയ്ക്ക മുകളിൽ ചികിത്സ ചെലവ് വരുന്ന അപേക്ഷകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ (മെഡിക്കൽ എക്സ്പെർട്ട് കമ്മറ്റി) നിർദ്ദേശവും, ചികിത്സ ചെലവും അനുസരിച്ച് പ്രസ്തുത കമ്മറ്റികൾ പരിഗണിക്കുകയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യതയും ടി കമ്മറ്റികളുടെ അനുമതി പ്രകാരവും സമയ ബന്ധിതമായി സഹായം നൽകുകയും ചെയ്തുവരുന്നു. ഓരോ വ്യക്തിക്കും ചികിത്സക്ക് അനുസൃതമായും അവരുടെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ചാണ് ധനസഹായം അനുവദിച്ചുവരുന്നത്, നിലവിൽ 20 മുതൽ 35 ലക്ഷം രൂപവരെ ചെലവുവരുന്ന ചികിത്സകൾക്ക് (അവയവ /മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ) പരമാവധി 15 ലക്ഷം രൂപവരെയാണ് അനുവദിച്ചുവരുന്നത്.